# അല്ലാഹു ഏറ്റവും നല്ല കൂട്ടുകാരന്‍

റഫീഖ് എന്നതും അല്ലാഹുവിന്റെ ഒരു സിഫത്താണ്. ഹലീമ്, റഫീഖ് എന്നീ പദങ്ങള്‍ക്ക് ഒരു സാദൃശ്യാര്‍ത്ഥവുമുണ്ട്. അതായത്, മൃദുവായി പെരുമാറുന്നവന്‍, ദയയോടെ വര്‍ത്തിക്കുന്നവന്‍. റഫീഖ് എന്നതിന് കൂട്ടുകാരന്‍ എന്നും അര്‍ത്ഥമ്മുണ്ട്. ഇതിന് പുറമെ ഭാഷാകാരന്മാര്‍ ഇതിന് വേറെയും പല അര്‍ത്ഥങ്ങളും പറഞ്ഞിട്ടുണ്ട്. നഷ്ടമേല്പിക്കാത്തവന്‍. നഷ്ടമേല്പിക്കാത്തവന്‍ എന്നു മാത്രമല്ല, ഗുണമെത്തിക്കുന്നവന്‍ എന്നും അര്‍ത്ഥമുണ്ട്. സഹതാപം കാണിക്കുന്നവന്‍, കരുണ കാണിക്കുന്നവന്‍, തന്റെ പ്രവര്‍ത്തി എല്ലാവിധ പരിശുദ്ധിയോടും ഉന്നതമായ നിലയിലും ചെയ്യുന്നവന്‍. കൂട്ടുകാരോട് നല്ല നിലയില്‍ പ്രവര്‍ത്തിക്കുന്നവന്‍– ആരില്‍നിന്നാണോ സഹായമെടുക്കുന്നത്, അവനും റഫീഖ് എന്നു പറയുന്നു.

അല്ലാഹുവിന്റെ സിഫത്തുകളെക്കുറിച്ചുള്ള അറിവും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കി. 1903 സെപ്തംബര്‍ 9–ന് ആ മഹാത്മാവ് പറഞ്ഞു: ***സലാമുന്‍ അലയ്ക്കും തിബ്ത്തും*** എന്ന് എനിക്ക് വെളിപാടുണ്ടായിരിക്കുന്നു. 'നിന്റെമേല്‍ സമാധാനം. നീ സന്തോഷവാനായിരിക്കുക'. അക്കാലത്ത് പടര്‍ന്നുപിടിച്ച പകര്‍ച്ചവ്യാധിയായ പ്ലേഗിനെക്കുറിച്ചും ചിന്തയുണ്ടായിരുന്നു. അതിനുള്ള ചികിത്സ അല്ലാഹു പറഞ്ഞുകൊടുത്തത്, അവന്റെ നാമങ്ങള്‍ ഉരുവിട്ടുകൊണ്ടിരിക്കുക എന്നാണ്. ***യാ ഹഫീളു്, യാ അസീസ്, യാ റഫീഖ്*** എന്നീ നാമങ്ങളും എടുത്തു പറയപ്പെട്ടു. ആ മഹാത്മാവ് പറഞ്ഞു: റഫീഖ് അല്ലാഹുവിന്റെ പുതിയ നാമമാണ്. ഇതിനു മുമ്പേ, അല്ലാഹുവിന്റെ നാമങ്ങളില്‍ ഒരിക്കലും ഇത് വന്നിട്ടില്ല. അല്ലാഹുവിന്റെ ഈ പ്രിയപ്പെട്ട സത്തയാണ്, തന്റെ ദാസരുടെമേല്‍ കാരുണ്യം ചെയ്തുകൊണ്ടും അവരെ എല്ലാ നഷ്ടങ്ങളില്‍നിന്നും രക്ഷിച്ചുകൊണ്ടും അവരുടെ ഗുണത്തിനുള്ള വഴി കാണിക്കുന്നത്. അവന്റെ പ്രവൃത്തി എല്ലാ ദോഷങ്ങളില്‍നിന്നും പരിശുദ്ധമാണ്. അവന്‍ തന്റെ ദാസര്‍ക്ക് ഒരുത്തമനായ കൂട്ടുകാരനാണ്. അവന്‍ എല്ലായ്പ്പോഴും അവരെ സഹായിക്കുന്നു." അതുകൊണ്ട് അല്ലാഹു ഏതുരീതിയിലാണ് സത്യവിശ്വാസികളായ ദാസരെ സഹായിക്കുന്നത് എന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: ബുഖാരിയില്‍ വന്നിട്ടുള്ള ഹദീഥാണ്. സത്യവിശ്വാസി ഐച്ഛിക കര്‍മ്മങ്ങളിലൂടെ (നഫ്ല്‍) അല്ലാഹുവിനോളം എത്രമാത്രം സാമീപ്യം പ്രാപിക്കുന്നുവെന്നുവെച്ചാല്‍, അവര്‍ കാണുന്ന കണ്ണും അവര്‍ കേള്‍ക്കുന്ന ചെവിയും അവര്‍ പിടിക്കുന്ന കൈയും അവര്‍ നടക്കുന്ന കാലുമായി അവന്‍ മാറുന്നു. ഒരു നിവേദനത്തില്‍, അല്ലാഹു പറയുന്നതായി ഇങ്ങനെയും വന്നിട്ടുണ്ട്. അല്ലാഹു പറയുന്നു: ഞാന്‍ അവര്‍ സംസാരിക്കുന്ന നാവുമായിത്തീരുന്നു. അത്തരക്കാരെക്കുറിച്ച് അല്ലാഹു പറയുന്നു: ***മന്‍ ആദാ ലീ വലിയ്യന്‍ ഫഖദ് ആദന്‍തഹു ബില്‍ഹര്‍ബ്.*** ആരാണോ എന്റെ വലിയോട് ശത്രുത പുലര്‍ത്തുന്നത്, അവന്‍ യുദ്ധത്തിനായി തയ്യാറായിക്കൊള്ളട്ടെ. ഇത്രമാത്രം അഭിമാനമാണ് അല്ലാഹുവിന് തന്റെ ദാസരുടെ കാര്യത്തിലുള്ളത്. മറ്റൊരിടത്ത് പറയുന്നു: സത്യവിശ്വാസിയുടെ വേര്‍പാടുപോലെ വേദനയുണ്ടാക്കുന്ന മറ്റൊരു കാര്യവും എനിക്കില്ല. അതുകൊണ്ട് ഞാന്‍ പല പ്രാവശ്യവും രോഗിയായിപ്പോകുന്നു. പിന്നീട് സുഖം പ്രാപിക്കുന്നു. അതിനു കാരണം അല്ലാഹു സത്യവിശ്വാസിയുടെ ജീവനെടുക്കാന്‍ ആഗ്രഹിക്കുന്നുവെങ്കിലും കുറച്ചു ദിവസം ലോകത്ത് വീണ്ടും പാര്‍ക്കുന്നതിനായി അവന് അവധി നീട്ടിക്കൊടുക്കുന്നുണ്ട് എന്നതാണ്.

അതുകൊണ്ട് ഒന്നാമത്തേത് സാധാരണക്കാരാണ്. അവരെങ്ങനെയുള്ളവരാണെങ്കിലും അല്ലാഹുവിന്റെ സിഫത്തായ റഫീഖ് അനുസരിച്ച്, അവന്റെ മൃദുവായ പെരുമാറ്റത്തില്‍നിന്നും ദയാലുതയില്‍നിന്നും ഫലമെടുക്കുന്നു. എന്നാല്‍, അല്ലാഹുവിന്റെ ഒരു പ്രത്യേക ദാസന്മാരുണ്ട്, അവര്‍ സര്‍വ്വവും അല്ലാഹുവിന്നര്‍പ്പിച്ച് അവനെ ആരാധിക്കുന്നവരും, അവനെ ഉന്നതനായ കൂട്ടുകാരനായി മനസ്സിലാക്കുന്നവരുമാണ്. അതിന്റെ ഏറ്റവും ഉന്നതമായ മാതൃക, ലോകത്ത് നമ്മള്‍ നബി (സ) തിരുമേനിയില്‍ കണ്ടു. ആ മഹാത്മാവ് ആ ഉന്നതനായ കൂട്ടുകാരന്റെ സവിശേഷഗുണത്തിന് എത്രമാത്രം അര്‍ത്ഥമുണ്ടോ അതില്‍നിന്നൊക്കെ അനുഗ്രഹം പ്രാപിച്ചു. പക്ഷേ, പിന്നെയും ആ ഉന്നതനായ കൂട്ടുകാരന്റെ അടുക്കലേക്ക് പോകാന്‍ ഒരു ആവേശമുണ്ടായിരുന്നു. അതുകൊണ്ടാണ്, അന്ത്യസമയത്ത് ആ അനുഗൃഹീത നാവില്‍നിന്ന്, ***ഫിര്‍റഫീക്കില്‍ അഅ്ലാ*** എന്ന വാക്കുകള്‍ പുറപ്പെട്ടുകൊണ്ടിരുന്നത്. ഈ ജീവിതമാതൃകയാണ് ആ മഹാത്മാവ് സ്ഥാപിച്ചത്. നമ്മളും ഭൗതികത്തിലേക്ക് ദൃഷ്ടി പതിപ്പിക്കുന്നതിനു പകരം ഉന്നതനായ റഫീഖിലേക്ക് ദൃഷ്ടി പതിപ്പിക്കുന്നവരായിത്തീരുന്നതിനുവേണ്ടിയാണത്. അല്ലാഹു തന്റെ ഈ സിഫത്തനുസരിച്ച് എത്രമാത്രം വലിയ കൂട്ടുകാരനും സുഹൃത്തും ആയിത്തീരുന്നുവെന്ന് നോക്കുക. അവന്‍ പ്രയാസങ്ങ

ളിൽനിന്ന് മോചനം നല്കുന്നു. അല്ലാഹു, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തന്റെ ഈ സിഫത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് വെളിപാടിലൂടെ അറിയിക്കുകയുണ്ടായതുപോലെ, ആ റഫീഖിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനും, ആകർഷിച്ചെടുക്കുന്നതിനും വേണ്ടി അവന്റെ സിഫത്തിനെ നമ്മൾ സ്വായത്തമാക്കേണ്ടിവരും. ഇക്കാലത്ത് ഇസ്‌ലാമികവിരുദ്ധ ശക്തികൾ, തങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ ശ്രമിക്കുകയാണ്. ഒരേയൊരു റഫീഖിന്റെ കൂടെ നിന്നുകൊണ്ട്, അവന്റെ സഹായത്താൽ മാത്രമേ നമുക്കെന്തും ചെയ്യാനും ഇവരെ നേരിടാനും സാധിക്കുകയുള്ളൂ. ഇസ്‌ലാമും നബി(സ) തിരുമേനിയും അക്രമം ചെയ്യാൻ പഠിപ്പിക്കുന്നുവെന്ന് പറഞ്ഞാണ് ഇവർ ആക്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് പ്രത്യേകമായ രീതിയിൽ ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് നിന്ദ്യമായ ഒരു കാര്യം ചെയ്യാനുള്ള തീരുമാനമാണുണ്ടായിരുന്നത്. ഹോളണ്ടിലെ പാർലമെന്റംഗമായ വിൽഡർ ഖുർആനേയും ഇസ്‌ലാമിനേയും കുറിച്ചുള്ള ഫിലിം മാർച്ച് 28-ന് റിലീസ് ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. പക്ഷേ, ഇത് മാർച്ച് 27-നുതന്നെ പ്രകാശനം തുടങ്ങി. ഒരു ചെറിയ ടിവി ചാനൽ അതിന്റെ കുറച്ചുഭാഗം സംപ്രേഷണം ചെയ്തു. ഇന്റർനെറ്റിലും അയാളിത് കൊടുത്തിട്ടുണ്ട്. വലിയ ടിവി ചാനലുകാർ അതിന്റെ സംപ്രേഷണം നിഷേധിക്കുകയുണ്ടായി. ഇക്കൂട്ടർക്ക് അത് സംപ്രേഷണം ചെയ്യാതിരിക്കാനുള്ള ബുദ്ധി അല്ലാഹു കൊടുത്തുകൊണ്ടേയിരിക്കട്ടെ. പക്ഷേ, ഞാൻ പറഞ്ഞതുപോലെ അയാളിത് ഇന്റർനെറ്റിൽ കൊടുത്തിരിക്കുകയാണ്. കഴിഞ്ഞ ഖുത്ബകളിൽ ഞാൻ പറഞ്ഞുവന്നതാണ്, അയാളോട് ഇതുസംബന്ധമായി ആരോ ചോദിച്ചപ്പോൾ അയാൾ പറഞ്ഞത് മുഹമ്മദ് എന്ന അധ്യായത്തിന്റെ അഞ്ചാമത്തെ വചനമായ ***ഫഇദാ ലഖീത്തുമുല്ലദീന കഫറൂ ഫളർബർരിഖാബ് ഹത്താ ഇദാ അഥ്ഖൻതുമൂഹും ഫശുദ്ദുൽവഥാഖ്*** എന്നതിലുള്ളത് ആ വിഷയമാണെന്നാണ്. അതായത്, അവിശ്വാസികളുമായി നിങ്ങൾ ഏറ്റുമുട്ടിയാൽ കഴുത്തുകൾ വെട്ടുക. അങ്ങനെ അവരെ കീഴ്പ്പെടുത്തിക്കഴിഞ്ഞാൽ നിങ്ങൾ മുറുക്കിക്കെട്ടുക.

ഈ ആക്ഷേപവും ഇസ്‌ലാമിനുമേലുള്ള പുതിയൊരു ആക്ഷേപമല്ല. വളരെ പഴകിയ ആക്ഷേപമാണിത്. ഇക്കൂട്ടർ യുദ്ധങ്ങളിൽ എതിരാളികളോട് എന്തൊന്നാണ് ചെയ്യാത്തത്. പക്ഷേ, ഇത് അവരുടെ ദ്രോഹമാണ്. ഈ വചനത്തെ തുടർന്നുവരുന്ന വചനം ഇവർ പ്രചരിപ്പിക്കുകയില്ല. യുദ്ധം അവസാനിച്ചാൽ ഔദാര്യമെന്ന നിലയിലോ, മോചനദ്രവ്യം വാങ്ങിക്കൊണ്ടോ, തടവുകാരെ മോചിപ്പിക്കുക എന്നാണ് തുടർന്നു പറയുന്നത്. യഥാർത്ഥത്തിൽ മറ്റുള്ളവരോട് മൃദുനയം സ്വീകരിക്കണമെന്നും മറ്റുള്ളവരുടെ വികാരം ഗൗനിക്കണമെന്നും ഇസ്‌ലാം കല്പിച്ചപ്പോൾ പ്രസ്തുത കല്പനയും പറയേണ്ടത് നിർബന്ധമായി വന്നതുകൊണ്ടാണ് അതിവിടെ പറഞ്ഞത്. ഇതാണ് പരിപൂർണ്ണ അധ്യാപനത്തിന്റെ അത്ഭുതം. അതായത് അത് സന്ദർഭമനുസരിച്ചുള്ള പാഠം നല്കുന്നു. അതിൽ അക്രമം പ്രവർത്തിക്കാനുള്ള കല്പനയില്ല. ഓരോന്നിനും പകരം വീട്ടാനും കല്പനയില്ല. മനുഷ്യരോട് മൃഗങ്ങളെപ്പോലെ പെരുമാറാനും അത് കല്പിക്കുന്നില്ല. ഒരു കരണത്തടിച്ചാൽ മറ്റേ കരണം കാണിച്ചുകൊടുക്കുക എന്ന അതിവിനയ കല്പനയുമതിലില്ല. അതനുസരിച്ച് പ്രവർത്തിക്കുക എന്നത് അസംഭാവ്യമാണ്. ഈ അധ്യാപനത്തിൽ വിശ്വസിക്കുന്നവരാണ് ഇന്ന് ഏറ്റവും കൂടുതൽ പകരം വീട്ടുന്നവർ. വിൽഡർ ഈ അധ്യാപനത്തിന്റെ അനുയായിയാണ്. ഇയാൾ സ്വന്തം കോളറിലേക്ക് ഒന്നെത്തിനോക്കേണ്ടതാണ്; എത്രത്തോളം തന്റെ സ്വന്തം മതനിയമമനുസരിച്ച് ഇയാൾ പ്രവർത്തിക്കുന്നുണ്ടെന്ന്. എന്തായാലും ഞാനിപ്പോൾ ഇതുസംബന്ധമായുള്ള വിശുദ്ധഖുർആന്റെ പാഠം എന്താണെന്ന് പറയുന്നതാണ്. ഇതിൽ നിന്ന് ഇസ്‌ലാമിന്റെ സഹനതയുടെയും പൊറുക്കലിന്റെയും മാപ്പിന്റെയും പാഠം പ്രകടമാകുന്നതാണ്. അതിനു മുമ്പേ ഒരു പ്രധാന കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അതെന്താണെന്നുവച്ചാൽ, അഹ്മദി പൊതുവെ സ്വലാത്ത് ചൊല്ലുന്നതിലേക്ക് ശ്രദ്ധിക്കാറുണ്ട്. ഇത് സംബന്ധമായി ധാരാളം കത്തുകൾ എനിക്ക് ലഭിക്കുന്നുണ്ട്. അതിൽ സ്വലാത്തിന്റെ അനുഗ്രഹത്തെക്കുറിച്ചും പറയാറുണ്ട്; സ്വലാത്ത് ചൊല്ലിയതിന്റെ ഫലമായി ഇന്ന അനുഗ്രഹം തങ്ങൾക്ക് കിട്ടി എന്ന് അഹ്മദികൾ എഴുതിയറിയിക്കുന്നു. ഖിലാഫത്ത് ജൂബിലിയുടെ പ്രാർത്ഥനകളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രാർത്ഥനയിലും തസ്ബീഹും തഹ്മീദും സ്വലാത്തുമുണ്ട്. അതായത് ***സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലിഅലാ മുഹമ്മദിൻ വ ആലി മുഹമ്മദിൻ***. ഇപ്രകാരംതന്നെ നമസ്കാരത്തിൽ ചൊല്ലുന്ന പൂർണ്ണമായ സ്വലാത്തും ദുആയിൽ ഉൾപ്പെടുന്നു.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا
صَلَّيْتَ عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ
اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ
كَمَا بَارَكْتَ عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ

ഒരു പ്രത്യേക സാഹചര്യത്തിൽ ജൂബിലിയുടെ പ്രാർത്ഥനകളിൽ ഇത് ചൊല്ലാൻ പറഞ്ഞിരുന്നു. എണ്ണമെന്നത് വെറും ശീലമുണ്ടാക്കാൻ വേണ്ടിയാണ്. എന്തായാലും ഞാൻ പറഞ്ഞതുപോലെ അഹ്മദികൾ സ്വലാത്തു ചൊല്ലുന്നു, ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുന്നു. അഹ്മദികൾക്ക് ഈ ശ്രദ്ധയുണ്ടാകാൻ കാരണം, ഇക്കാലഘട്ടത്തിൽ പ്രത്യേകിച്ച് അല്ലാഹുവിന്റെ കല്പനകൾ

പാലിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മോട് പറഞ്ഞു. ഇതിൽ സ്വലാത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും നമുക്ക് പറഞ്ഞുതന്നു. ഒരിടത്ത് ആ മഹാത്മാവ് പറയുന്നു: വിശ്വാസത്തിൽ അടിയുറച്ചുനില്ക്കുന്നതിന് കഴിവ് ലഭിക്കുന്നതിനുള്ള ഒരു പ്രബലമാർഗ്ഗമായ സ്വലാത്ത് ധാരാളമായി ചൊല്ലുക. എന്നാൽ, ആചാരവും ചടങ്ങുമെന്ന നിലയിലല്ല. മറിച്ച്, നബി(സ) തിരുമേനിയുടെ നന്മയും ഔദാര്യവും മുന്നിൽവച്ചുകൊണ്ടായിരിക്കണം അത് ചൊല്ലേണ്ടത്. ആ മഹാത്മാവിന്റെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കും ആ മഹാത്മാവിന്റെ വിജയത്തിനുംവേണ്ടി. ഇതിന്റെ ഫലമായി ദുആ സ്വീകാര്യതയുടെ മധുരമുള്ളതും രുചിയുള്ളതുമായ ഫലം നിങ്ങൾക്ക് കിട്ടുന്നതാണ്. ദുആ സ്വീകാര്യതയ്ക്ക് മൂന്ന് മാർഗ്ഗമാണുള്ളത്. ഒന്നാമത്തേത്, ***ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ***, അല്ലാഹുവിനെ നിങ്ങൾ സ്നേഹിക്കുന്നുവെങ്കിൽ, എന്നെ നിങ്ങൾ പിൻപറ്റുക; അതായത് നബി(സ) തിരുമേനിയെ. രണ്ടാമത്തേത് ***യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലയ്ഹി വസല്ലിമൂതസ്ലീമാ***. വിശ്വസിച്ചവരേ, നിങ്ങൾ ആ നബിയുടെമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. മൂന്നാമത്തേത് ***മുഹബ്ബത്തെ ഇലാഹി***. അല്ലാഹുവിനോടുള്ള സ്നേഹം. അല്ലാഹു നല്കിയിട്ടുള്ള പ്രത്യേകമായ കാരുണ്യത്തിലൂടെയാണ് ദുആ സ്വീകരിക്കപ്പെടുന്നത്. സ്വലാത്ത് ചൊല്ലുന്നതിൽ ശ്രദ്ധ നിലനില്ക്കുവോളം, ആ ബർക്കത്ത് മുഖേന ജമാഅത്തിന് അഭിവൃദ്ധിയും ഖിലാഫത്തുമായിട്ടുള്ള ബന്ധവും അത് കാത്തുസൂക്ഷിക്കുന്നതിനുള്ള സംരക്ഷണവും നിലനില്ക്കും.” ഇന്ന് ശത്രുക്കൾ ധിക്കാരത്തോടെ ഖുർആന്റെയും നബി(സ)യുടെയും പേരിൽ വൃത്തികേടുകൾ ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ഈ ശ്രമം അവർക്ക് ദുർമരണമല്ലാതെ മറ്റൊരു നേട്ടവും നല്കുകയില്ല. പക്ഷേ, ഇവരുടെ ആ പ്രവൃത്തി കണ്ടുകൊണ്ട്, അഹ്മദികളായ നാം നബി(സ)യുടെമേൽ കോടിക്കണക്കിന് സ്വലാത്ത് ചൊല്ലേണ്ടതാണ്. ജമാഅത്ത്, ജമാഅത്ത് എന്ന നിലയിൽ അധികമധികമായി സ്വലാത്ത് ചൊല്ലാറുണ്ട്. അതിന്റെ എണ്ണം കോടിക്കണക്കിന് എത്തുകയും ചെയ്യുന്നു. ഇന്ന് മാത്രമല്ല, എന്നും നബി(സ)യുടെമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടേയിരിക്കുക; അല്ലാഹു നമ്മുടെ ദുആകളും ചൊല്ലാൻ സ്വയം അവൻ കല്പിച്ച ഈ സ്വലാത്തുകളും സ്വീകരിക്കുന്നതിനു വേണ്ടിയാണിത്. ഇസ്ലാമിന്റെയും നബി(സ) തിരുമേനിയുടെ മുഖകമലത്തിന്റെയും വെളിച്ചവും തിളക്കവും ആദ്യത്തേക്കാൾ കൂടുതൽ ലോകത്ത് വെളിപ്പെടുന്നതിനുവേണ്ടിയാണിത്. ഇന്ന് ശത്രുക്കൾ അവരുടെ വക്രബുദ്ധിയും ദുഷ്ചിന്തയുംകൊണ്ട്, എല്ലാ അതിരുകളും ലംഘിക്കുകയാണ്. അതുകൊണ്ട് നമ്മളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ‘അക്രമവും ദ്രോഹവും ലോകത്ത് പെരുകി, നാം ദൈവസന്നിധിയിൽ നമ്രശിരസ്കരായി’ എന്ന ആ വചനമനുസരിച്ച് അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് അവനോട് സഹായം തേടേണ്ടതാണ്. അവൻ നമുക്ക് ഈ സ്വലാത്തിനോടുള്ള കടമ നിറവേറ്റാൻ തൗഫീഖ് നല്കിക്കൊണ്ട് ആ മഹാത്മാവിന്റെ നാമത്തേയും വിശുദ്ധഖുർആന്റെ അധ്യാപനത്തേയും പ്രകാശമയമായ നിലയിൽ ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കാൻ കഴിവും ശക്തിയും നല്കുമാറാകട്ടെ. തന്റെ കൂട്ടുകാരെ നഷ്ടത്തിൽനിന്ന് രക്ഷിക്കുക മാത്രമല്ല, മറിച്ച്, അഭിവൃദ്ധി നല്കി അനുഗ്രഹിക്കുകയും ചെയ്യുന്ന ആ ഉന്നതനായ അല്ലാഹുവിൽ നമ്മെ ആകർഷിതരാകുന്നവരുമാക്കിത്തീർക്കട്ടെ. ഇക്കാലഘട്ടവും വരുന്ന കാലഘട്ടവും ഖിയാമത്തുന്നാൾവരെ നബി(സ)യുടെ കാലഘട്ടമാണ്. അല്ലാഹുവിനോട് ഇങ്ങനെ ദുആ ചെയ്യുക, അല്ലാഹുവേ, അന്തിമവിജയം തീർച്ചയായും മുഹമ്മദ് (സ)ന്റെതാണ്. പക്ഷേ, ഞങ്ങളുടെ ദുആകൾ സ്വീകരിച്ചുകൊണ്ട് ആ വിജയം ഞങ്ങളുടെ കാലത്തുതന്നെ കൊണ്ടുവന്നാലും. ഹോളണ്ടിലെ ജമാഅത്ത്, അവിടുത്തെ പാർലമെന്റംഗമായ വിൽഡറിന് ഇക്കാര്യം വ്യക്തമാക്കിക്കൊടുക്കണം. അതായത്, ഞങ്ങൾ നിയമം കൈയിലെടുക്കാത്തവരാണെന്നതു ശരിതന്നെ. നിയമം കൈയിലെടുത്ത് ഞങ്ങൾ നിങ്ങളോട് ഒരിക്കലും പകരം വീട്ടുകയുമില്ല. എന്നാൽ, അതിരു ലംഘിക്കുന്നവരെ പിടിക്കുന്ന അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ് ഞങ്ങൾ. നിങ്ങൾ നിങ്ങളുടെ നിന്ദ്യമായ പ്രവർത്തനങ്ങളിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ, അവന്റെ പിടിയിലകപ്പെട്ടേക്കാം. അതുകൊണ്ട് അല്ലാഹുവിനെ ഭയന്നുകൊണ്ട് സ്വന്തം അവസ്ഥകൾ മാറ്റുക. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നവരാണെന്നതിൽ സംശയമൊന്നുമില്ല. കൂട്ടുകാരനായ അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ് ഞങ്ങൾ. ഈ സിഫത്തനുസരിച്ച് അവൻ ദയാലുവുമാണ്. സഹതാപം കാണിക്കുന്നവനുമാണ്. കരുണ ചെയ്യുന്നവനുമാണ്. നഷ്ടത്തിൽനിന്ന് രക്ഷിക്കുന്നവനുമാണ്. സമാധാനത്തോടെ മനുഷ്യരെ നിലനിറുത്തുന്നവനുമാണ്. അല്ലാഹുവിന്റെ ഈ സിഫത്തിൽ വിഭൂഷിതരാവാൻ ശ്രമിച്ചുകൊണ്ട്, നിങ്ങളോടുള്ള സഹതാപവും, നിങ്ങളെ രക്ഷിക്കുന്നതിനും വേണ്ടി ഞാൻ പറയുകയാണ്, നിങ്ങൾ നിങ്ങളുടെ അവസ്ഥകൾ മാറ്റുക. ഇതൊരു അവസാന ശ്രമമാണ്. ഇതിനുശേഷം ‘***അഃരിള് അനിൽ ജാഹിലീൻ***’ (അവിവേകം പ്രവർത്തിക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറുക. 7:200) എന്ന കല്പനയനുസരിച്ച് ഞങ്ങൾ കാര്യം അല്ലാഹുവിനെ ഭരമേല്പിക്കുന്നു. തന്റെ നബിയുടെ ആദരവും ബഹുമാനവും നിലനിറുത്താൻ അവനറിയാം. നല്ലവണ്ണം അറിയാം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആ പരിപൂർണ്ണ മനുഷ്യനായ നമ്മുടെ നബി (സ)യെ ഏറ്റവും മോശമായ നിലയിൽ ബുദ്ധിമുട്ടിച്ചു. ചീത്തപ്പറയുകയും ദ്രോഹിക്കുകയും ചെയ്തു. എന്നാൽ അത്യുൽക്കൃഷ്ടമായ സ്വഭാവങ്ങളുടെ ശരീര

ധാരിയായ ആ മനുഷ്യൻ അതിന്നെതിരിലെന്താണ് ചെയ്തത്. അവർക്കു വേണ്ടി ദുആ ചെയ്തു. കാരണം, അവിവേകം പ്രവർത്തിക്കുന്നവരിൽനിന്ന് ഒഴിഞ്ഞുമാറുകയാണെങ്കിൽ നിന്റെ അഭിമാനത്തേയും ജീവനേയും സുരക്ഷിതമായിവയ്ക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. ഈ ദുഷ്ടാത്മാക്കൾക്ക് ആ മഹാത്മാവിനുമേൽ ആക്രമണം നടത്തി നശിപ്പിക്കാനൊക്കുകയില്ല. അതങ്ങനെ തന്നെയാണുണ്ടായതും. എതിരാളികൾക്ക് ആ മഹാത്മാവിന്റെ അഭിമാനത്തിന് ക്ഷതമേല്പിക്കാൻ കഴിഞ്ഞില്ല. സ്വയം നിന്ദിതരും അപമാനിതരുമായി ആ മഹാത്മാവിന്റെ കാൽചുവട്ടിൽവന്നുവീണു. അല്ലെങ്കിൽ അങ്ങയുടെ മുമ്പിൽ നശിച്ചൊടുങ്ങി."

ഇന്നും മുഹമ്മദ് നബി(സ)യുടെ ദൈവം ജീവനുള്ള ദൈവമാണ്. നിന്ദ്യമായ പരിശ്രമത്തിൽ ശത്രു ഒരിക്കലും വിജയിക്കുകയില്ല. ഇൻശാഅല്ലാഹ്. എന്നല്ല അവർ നിന്ദിതരും അപമാനിതരുമാകും. പക്ഷേ, നമ്മളിലർപ്പിതമായ പ്രവൃത്തി, ചെയ്തുകൊണ്ടേയിരിക്കേണ്ടത് നമ്മുടെ നിർബന്ധകടമയാണ്.

ലോകത്തിന് സമാധാനം നല്കുന്നതിനും ഇസ്ലാമിന്റെ സന്ദേശം എത്തിക്കുന്നതിനും, ലോകജനതയോട് സഹതാപം കാണിക്കുന്നതിനും വേണ്ടി സൗമ്യമായി നമ്മുടെ സന്ദേശം എത്തിച്ചുകൊണ്ടേ പോകേണ്ടതാണ്. അലിവിന്റെ പ്രകടനത്തിനായി, അല്ലാഹു വിശുദ്ധ ഖുർആനിൽ എന്താണ് കല്പിക്കുന്നത്. അല്ലാഹു ശൂറാ അധ്യായത്തിന്റെ 41-ാം വചനത്തിൽ പറയുന്നു:

وَجَزٰٓؤُا سَيِّئَةٍ سَيِّئَةٌ مِّثْلُهَا ۚ فَمَنْ عَفَا وَأَصْلَحَ
فَأَجْرُهُ عَلَى اللّٰهِ ۚ إِنَّهُ لَا يُحِبُّ الظّٰلِمِينَ

തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പ് ചെയ്യുകയും, അതുമുഖേന നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെയടുക്കലാണ്. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല (42:41).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും പാപം പൊറുത്തുകൊടുത്താൽ അവൻ നന്നായിത്തീരുമെന്നും ഉപദ്രവമൊന്നും അവൻ മുഖേന ഉണ്ടാകുകയില്ലെന്നും കണ്ട് ഉചിതമായ സന്ദർഭത്തിൽ മാപ്പുകൊടുത്താൽ അവൻ അതിന് പ്രതിഫലം പ്രാപിക്കും. ഈ വചനത്തിൽനിന്ന് ഉപദ്രവത്തെ അനാവശ്യമായി നേരിടാതിരിക്കരുതെന്നും ഉപദ്രവകാരികളേയും അക്രമികളേയും ശിക്ഷിക്കാതിരിക്കരുതെന്നും വ്യക്തമാകുന്നുണ്ട്. മറിച്ച്, ശിക്ഷിക്കേണ്ട അവസരമാണോ അതോ മാപ്പ് കൊടുക്കേണ്ട അവസരമാണോ അതെന്ന് നോക്കി തീർപ്പുകല്പിക്കേണ്ടതാണ്. കുറ്റവാളിയുടേയും അതുപോലെ സാധാരണ ആളുകളുടേയും അവസ്ഥ നല്ലത് ഏതെന്ന് നോക്കി ആ രീതി സ്വീകരിക്കേണ്ടതാണ്. ചിലപ്പോൾ പാപം മാപ്പാക്കി കിട്ടുമ്പോൾ കുറ്റവാളി ആത്മാർത്ഥമായി പശ്ചാത്തപിച്ചുമടങ്ങുന്നു. ചിലപ്പോൾ പാപം പൊറുക്കുന്നതുകൊണ്ട് കുറ്റവാളി കൂടുതൽ കുറ്റം ചെയ്യാൻ ചങ്കൂറ്റം കാണിക്കുന്നു. അല്ലാഹു പറയുന്നു, അന്ധന്മാരെപ്പോലെ പാപം പൊറുത്തുകൊടുക്കുന്ന ശീലമുണ്ടാക്കാതിരിക്കുക. മറിച്ച്, യഥാർത്ഥ നന്മ ഏതിലാണെന്ന് നല്ലവണ്ണം നോക്കുക; പൊറുത്തുകൊടുക്കുന്നതിലാണോ? ശിക്ഷിക്കുന്നതിലാണോ? സാഹചര്യവും സന്ദർഭവുമനുസരിച്ചുള്ള പ്രവൃത്തി ചെയ്യുക. മനുഷ്യരിൽ ചിലർ വളരെ പക വെച്ചുപുലർത്തുന്നവരാണ്. പിതാവിന്റെയും പ്രപിതാവിന്റെയും പകവരെ ഓർത്തുപ്രവർത്തിക്കുന്നു. ഇപ്രകാരംതന്നെ ചിലയാളുകൾ അങ്ങേയറ്റംവരെ മാപ്പുകൊടുക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി, മാന്യതയ്ക്കെതിരെവരെ കാര്യം ചെന്നെത്തുന്നു. എന്നല്ല, നന്മയിലൂടെ സഞ്ചരിക്കുന്നതിന് തടസ്സമുണ്ടാക്കുന്നു. അവരുടെ വഴിവിട്ടുള്ള മാപ്പുകൊടുക്കൽ കാരണത്താൽ എല്ലാവരും തൗബ തൗബ എന്ന് പറയാൻ തുടങ്ങുന്നു. ഇക്കാരണത്താലാണ് വിശുദ്ധഖുർആൻ ഓരോ കർമ്മവും സന്ദർഭവും സാഹചര്യവും നോക്കി ചെയ്യുക എന്ന നിബന്ധന വെച്ചിട്ടുള്ളത്. അനുചിതമായ സന്ദർഭത്തിലുള്ള പെരുമാറ്റം അതംഗീകരിക്കുന്നില്ല."

ഇതാണ് ഇസ്ലാമികാധ്യാപനം. ഇതിനെയാണ് ഇസ്ലാമിക വിരുദ്ധമായി ആക്ഷേപിക്കുന്നത്.

യുദ്ധങ്ങളിൽ, യുദ്ധം ചെയ്യുന്ന അവസ്ഥയാണ്. കാരണം ശത്രു ആക്രമിക്കാൻ ഒരുങ്ങിനില്ക്കുകയാണ്. അതുകൊണ്ട് അതിനെ ശക്തമായി പ്രതികരിക്കണം. എന്നാൽ, യുദ്ധം അവസാനിച്ചാൽ അക്രമം ചെയ്യാൻ പാടില്ല. തടവുകാരെ മോചിപ്പിക്കണം. ഇതിനുപുറമെ സാമൂഹികമായ പ്രശ്നങ്ങളാണെങ്കിൽ അത് ശരിയാക്കിയെടുക്കുന്നതിനും സന്ദർഭം നോക്കി പ്രവർത്തിക്കണം. ശക്തമായി പ്രതികരിച്ചാലാണോ നന്നാകുക, അതല്ല മാപ്പുകൊടുത്താലാണോ നന്നാകുക എന്നുനോക്കുക, ഒരു കുറ്റവാളിക്ക് മാപ്പ്കൊടുത്താൽ അയാൾ നന്നാകുമെന്ന് ഉറപ്പുണ്ടെങ്കിൽ പൊറുത്തുകൊടുക്കുക. സന്ദർഭോചിതം പ്രവർത്തിക്കുക. അവൻ ചെയ്ത കുറ്റം നിർബന്ധിതാവസ്ഥയിലാണോ എന്ന് നോക്കുക. പകുതി കുറ്റവാളിയല്ലെങ്കിൽ മാപ്പുകൊടുക്കുന്നതായിരിക്കും നല്ലത്. അത് മുഖേന പരിഷ്കരണമുണ്ടാകും. എന്നാൽ, പകുതി കുറ്റവാളിയാണെങ്കിൽ അവന് മാപ്പ് കൊടുത്തുകൊണ്ടേ പോകുകയാണെങ്കിൽ, സമൂഹത്തിലെ സമാധാനം നശിച്ചുപോകും. അല്ലാഹുതആല തന്റെ ദാസരുടെ ഉത്തമകൂട്ടുകാരനാണ്. അവൻ തന്റെ ആരാധകരായ ഈ ദാസന്മാരും അല്ലാഹുവിനുവേണ്ടി എല്ലാത്തരം ത്യാഗങ്ങളും വരിക്കാൻ തയ്യാറായിട്ടുള്ളവരും, അവനെ ആരാധിക്കുന്നവരിൽ പരിശുദ്ധരായിട്ടുള്ളവരു

മായവർക്കുവേണ്ടി മറ്റുള്ളവരുടെ ഉപദ്രവങ്ങളിൽനിന്നും നഷ്ടം സംഭവിക്കുന്നതിൽ നിന്നും രക്ഷിക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്നു. അവരെ ബുദ്ധിമുട്ടുകളിൽനിന്നും രക്ഷിക്കുന്നു; രോഗത്തിന്റെ വിഷമങ്ങളിൽനിന്ന് മുക്തി ലഭിക്കുന്നതിനായി അല്ലാഹു, ഹദ്റത്ത് മസീഹ് മൗഊദ്(അ)നു വെളിപാടുമുഖേന തന്റെ റഫീഖ് എന്ന സിഫത്ത് പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞതുപോലെ. അതുകൊണ്ട് അല്ലാഹു അടിസ്ഥാനപരമായ ഉദ്ദേശ്യത്തിലേക്ക്– നിങ്ങളുടെ ഉദ്ദേശ്യം നന്നാക്കിത്തീർക്കുക എന്നതായിരിക്കണം– നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഈ ഉദ്ദേശ്യത്തിനു വെളിയിലാണ് നിങ്ങളെങ്കിൽ ഉദ്ദേശ്യം നല്ലതല്ല. മറിച്ച് അത് അക്രമം ആയിത്തീരുന്നു. അല്ലാഹു അക്രമികളെ രക്ഷപ്പെടുത്തുന്നില്ല. അല്ലാഹുവിന്റെ ദാസന്മാർ അക്രമത്തെ ഉന്മൂലനം ചെയ്യുന്നവരായിരിക്കും. ശൂറ അധ്യായത്തിന്റെ വചനമാണ് ഞാനോതിയത്. അതിന്റെ അടുത്ത വചനത്തിൽ, കൂടുതൽ തുറന്നനിലയിൽ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. പറയുന്നു

وَلَمَنِ انتَصَرَ بَعْدَ ظُلْمِهِ فَأُولَٰئِكَ مَا عَلَيْهِم مِّن سَبِيلٍ

തങ്ങളോട് അക്രമം ചെയ്യപ്പെട്ടതിനുശേഷം വല്ലവരും ന്യായമായി പകരംവീട്ടുന്നതായാൽ അവരെ ആക്ഷേപിക്കാൻ ഒരു മാർഗ്ഗവുമില്ല (42:42).

പിന്നീട് പറഞ്ഞു:

إِنَّمَا السَّبِيلُ عَلَى الَّذِينَ يَظْلِمُونَ النَّاسَ وَيَبْغُونَ فِي الْأَرْضِ بِغَيْرِ الْحَقِّ أُولَٰئِكَ لَهُمْ عَذَابٌ أَلِيمٌ

മനുഷ്യരെ ദ്രോഹിക്കുകയും നാട്ടിൽ അന്യായമായി അക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ പേരിൽ മാത്രമെ കുറ്റാരോപണത്തിന് മാർഗ്ഗമുള്ളൂ. അവർക്കാണ് വേദനാജനകമായ ശിക്ഷയുള്ളത് (42:43).

പറയുന്നു:

وَلَمَن صَبَرَ وَغَفَرَ إِنَّ ذَٰلِكَ لَمِنْ عَزْمِ الْأُمُورِ

വല്ലവനും സഹിക്കുകയും പൊറുക്കുകയും ചെയ്താൽ തീർച്ചയായും അത് നിശ്ചയദാർഢ്യത്തിന്റെ കാര്യങ്ങളിൽ പെട്ടതാണ് (42:44)

ഒന്നാമതായി അറിഞ്ഞിരിക്കേണ്ടത് പകരം വീട്ടാനുള്ള അനുവാദമുണ്ട്, അതിനാൽ നിയമം കൈയിലെടുത്തുകൊണ്ട് തോന്നിയതുപോലെ പകരം വീട്ടാം എന്ന് ധരിക്കരുത് എന്നാണ്. വിശുദ്ധഖുർആന്റെ പാഠം മനസ്സിലാക്കിയിട്ടുള്ളവർ ഈ യാഥാർത്ഥ്യം നല്ലവണ്ണം അറിയുന്നവരാണ്. പക്ഷേ, ശത്രുക്കൾ ആക്ഷേപം ഉന്നയിക്കുന്നവരാണ്. അവർ ഇക്കാര്യത്തിലും ആക്ഷേപം ഉന്നയിക്കുന്നു. എന്നല്ല, നാം ഓർമ്മിക്കേണ്ടതാണ് അല്ലാഹുവിന്റെ കല്പന ഉലുൽഅംറിന്റെ– നിങ്ങളിലെ കാര്യസ്ഥന്മാരുടെയടുക്കൽ പോകുക എന്നതാണ്. അല്ലാഹുവിനും അവന്റെ റസൂലിനും ശേഷം നിങ്ങളിലെ കാര്യസ്ഥന്മാരുടെ കല്പന പാലിക്കുക. അതിനാൽ, ഇക്കാലത്ത് ഈ വചനത്തിന്റെ ഉദ്ദേശ്യം നിയമമാർഗ്ഗത്തിലൂടെ പകരം ചോദിക്കുക എന്നാണ്. നിയമം കൈയിലെടുത്ത് സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിക്കാൻ അനുവാദമില്ല. നിയമം കൈയിലെടുക്കാൻ തുടങ്ങിയാൽ, അക്രമത്തിന്റെ വാതിലുകൾ വീണ്ടും തുറക്കും. നിയമപരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് അക്രമത്തിന് പകരം ചോദിക്കാനാണ് അനുവാദമുള്ളത്. ഇതനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കാത്ത അധ്യാപനമല്ല ഇന്ന് ഇസ്‌ലാമിനുള്ളത്. ഇത് മനസ്സിലാക്കേണ്ട ആവശ്യമാണുള്ളത്. ശത്രുക്കൾ ഇത് മനസ്സിലാക്കാൻ മുതിരാതെ കണ്ണടച്ച് ആക്ഷേപിക്കുകയാണ്. ഇസ്‌ലാം ഒരു സമാധാനരൂപം സ്ഥാപിക്കുന്നു. അതായത്, ഓരോ വ്യക്തിയിലും മാപ്പാക്കാനുള്ള മനസ്സുണ്ടാകുകയില്ല. അതിനാൽ, നിങ്ങളുടെമേൽ ചെയ്യപ്പെടുന്ന അക്രമത്തെ നിങ്ങൾക്ക് പ്രതിരോധിക്കാവുന്നതാണ്. പക്ഷേ, അത് നിയമപരിധിയ്ക്കുള്ളിൽ നിന്നുകൊണ്ടാവണം. അല്ലാഹു പറയുന്നത്, അല്ലാഹു പിടിക്കുകയാണെങ്കിൽ അകാരണവും അനാവശ്യവുമായി അക്രമം അഴിച്ചുവിടുന്നവരെയാണ് പിടിക്കുന്നതെന്നാണ്. ഇക്കൂട്ടർ സമൂഹത്തിന്റെ സമാധാനം കെടുത്തുന്നവരാണ്. മറ്റുള്ളവർക്ക് അകാരണമായി നഷ്ടമുണ്ടാക്കുന്നവരാണ്. എന്നല്ല ഇത് ധിക്കാരമാണ്. അല്ലാഹുവിന്റെ നിയമങ്ങളെ ലംഘിക്കലാണ്. അത്തരക്കാർ തങ്ങളുടെ നാട്ടിലെ നിയമംകൊണ്ട്, ഈ അക്രമം ചെയ്തിട്ടും രക്ഷപ്പെടുകയാണെങ്കിൽ– ഇക്കാലഘട്ടത്തിൽ ഇവിടെ അഭിപ്രായസ്വാതന്ത്ര്യത്തിന്റെ പേരിൽ മറ്റുള്ളവരുടെ വികാരങ്ങളും മതചിന്താഗതികളും കൊണ്ട് കളിക്കാൻ അനുവാദമുണ്ട്– അവരെല്ലാവരും ഓർക്കേണ്ടതാണ്, എല്ലാ ശക്തികളുടെയും അധികാരി അല്ലാഹുവാണ്. അവന്റെ തിരുസന്നിധിയിൽ ഓരോരുത്തരും ഹാജരാവേണ്ടവരാണ്. അവൻ ധിക്കാരികൾക്ക് അടുത്തലോകത്ത് വേദനാജനകമായ ശിക്ഷ വിധിച്ചുവച്ചിരിക്കുന്നു.

വിശുദ്ധഖുർആനിലെ കല്പനകളിൽ സഹനത്തിന്റെ സീമ എത്രത്തോളമാണെന്ന് നോക്കുക. ആക്ഷേപം ഉന്നയിക്കുന്നവർ പറയുന്നത് ഇതിൽ സഹിക്കാൻ പറയുന്ന കല്പനയില്ലെന്നാണ്. ഞാനോതിയ വചനങ്ങളിലെ അവസാനത്തെ വചനത്തിൽ അല്ലാഹു പറയുന്നു, നിങ്ങൾക്ക് പകരം വീട്ടാനുള്ള അവകാശമുണ്ടെന്നത് ശരിതന്നെ, പക്ഷേ, ഉന്നതമായ സ്വഭാവം എന്നു പറയുന്നത് നിങ്ങൾ ക്ഷമിക്കുക എന്നതാണ്. മറ്റുള്ളവർക്ക് മാപ്പ് കൊടുക്കുക എന്നതാണ്. അവരുടെ നന്മയ്ക്കായി

പ്രവർത്തിക്കുക, മാപ്പുകൊടുത്താൽ സൽമാറ്റമുണ്ടാകുമെങ്കിൽ മാപ്പുകൊടുക്കുക. ഇതിന് ഏറ്റവും ഉന്നതമായ മാതൃക നബി(സ) തിരുമേനിയുടെ ജീവിതത്തിൽ നമുക്ക് കാണാം. ചരിത്രം അത് രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു. ഓറിയന്റലിസ്റ്റുകളും ഇതംഗീകരിക്കുന്നുണ്ട്.

ഒരു യഹൂദസ്ത്രീ നബി(സ) തിരുമേനിയ്ക്ക് വിഷം കൊടുത്ത് വകവരുത്താൻ ശ്രമിച്ചു. ആ മഹാത്മാവ് അവൾക്ക് മാപ്പുകൊടുത്തു. തന്റെമേൽ അക്രമം പ്രവർത്തിച്ചവർക്ക് ആ മഹാത്മാവ് മാപ്പുകൊടുത്തുകൊണ്ടേയിരുന്നു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം എടുത്തുപറഞ്ഞിട്ടുണ്ട്. അത് ഞാൻ നിങ്ങളെ വായിച്ചു കേൾപ്പിച്ചു. ആ മാപ്പുകൊടുക്കലിന്റെ പാരമ്യത മക്കവിജയ വേളയിൽ നമുക്ക് കാണാം. തന്റെ പ്രിയകൂട്ടുകാരുടെമേൽ അക്രമം അഴിച്ചുവിട്ടവർക്ക്, തന്നിൽ അക്രമം അഴിച്ചുവിട്ടവർക്ക് എല്ലാ അധികാരവും നിയന്ത്രണശക്തിയും ഉണ്ടായിട്ടും ***ലാ തഥ്‌രീബ അലയ്ക്കുമുൽയൗം*** എന്ന് പറഞ്ഞുകൊണ്ട് മാപ്പാക്കിക്കൊടുത്തു. എന്നിട്ടും ശത്രുക്കൾ പറയുന്നത് ഇസ്‌ലാമിക കല്പനകളിൽ ബലാൽക്കാരമാണുള്ളതെന്നും മനുഷ്യരോട് ഒരു അനുകമ്പയും അതിൽ ഇല്ലെന്നുമാണ്. നബി(സ) നഊദുബില്ലാഹ്, സഹനവും ദയയുമൊന്നും അറിഞ്ഞിരുന്നില്ലത്രെ! ശിർക്ക് ചെയ്യുന്നവരും ഏകദൈവത്തെ ആരാധിക്കാത്തവരുമായ ഇവർ തങ്ങളുടെ പ്രവർത്തനംകൊണ്ട് അല്ലാഹുവിന്റെ ശിക്ഷയ്ക്ക് വിധേയരായിപ്പോകുമോ എന്ന ചിന്തയാൽ നബി(സ) തന്റെ ജീവനെപ്പോലും നശിപ്പിക്കുന്നയാളായിരുന്നു. ആ മഹാത്മാവ് തന്റെമേലും തന്റെ അനുയായികളുടെമേലും ഈ ജനങ്ങൾ ചെയ്യുന്ന ദ്രോഹം കാരണം അല്ലാഹുവിന്റെ വേദനാജനകമായ ശിക്ഷ ഇവരെ പിടിക്കുമോ എന്ന ചിന്തയിലായിരുന്നു എപ്പോഴും. ഈ സവിശേഷഗുണത്തെ വിവരിച്ചുകൊണ്ട് അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

***ലഅല്ലക്ക ബാഖിഉൻന്നഅഫ്സക്ക അല്ലാ യകൂനൂ മുഅ്മിനീൻ.*** അവർ വിശ്വാസികളാകാത്ത കാരണം നീ നിന്റെ ജീവിതത്തെ തന്നെ നശിപ്പിച്ചേക്കുമോ? (26:3).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ വചനത്തിൽനിന്ന് മനസ്സിലാകുന്നത്, നബി(സ) തിരുമേനി ആ സത്യനിഷേധികൾ വിശ്വാസികളായിത്തീരുന്നതിനുവേണ്ടി എത്രത്തോളം വേദനയോടും വിഷമത്തോടും കൂടി പ്രാർത്ഥിച്ചിരുന്നുവെന്നാൽ, ആ മഹാത്മാവ് ദുഃഖഭാരത്താൽ മരിച്ചുപോകുമോ എന്ന ആശങ്കയുണ്ടായിരുന്നു. അതുകൊണ്ടാണ് ഇക്കൂട്ടർക്കായി ഇത്രമാത്രം വിഷമിക്കണ്ട, നിന്റെ മനസ്സിനെ ഇത്രമാത്രം വേദനിപ്പിക്കുകയും വേണ്ട എന്ന് അല്ലാഹു പറഞ്ഞത്. കാരണം ഇക്കൂട്ടർ അക്രമ കാര്യങ്ങളിലാണ് വിശ്വസിക്കുന്നത്. ഇവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വേറെയാണ്. ഈ വചനത്തിൽ അല്ലാഹു നിർദ്ദേശിച്ചിട്ടുള്ളത്, ഏ, നബി! എത്രത്തോളം നീ പൂർണ്ണശ്രദ്ധയോടും വേദനയോടും അലിവോടുംകൂടി ഇക്കൂട്ടരുടെ സന്മാർഗ്ഗത്തിനുവേണ്ടി പ്രാർത്ഥിക്കുന്നുവോ, അത് സ്വീകാര്യമാകുന്നതിന് കുറവൊന്നുമില്ല. എന്നാൽ, ദുആ സ്വീകാര്യതയുടെ നിബന്ധന, ആർക്കുവേണ്ടിയാണോ ദുആ ചെയ്യുന്നത്, അയാൾ കഠിനമായ യാഥാസ്ഥിതികനും അശ്രദ്ധനും മോശമായ പ്രകൃതിയുള്ളവനും ആകാൻ പാടില്ല" എന്നതാണ്. അങ്ങനെയായാൽ ദുആ സ്വീകരിക്കപ്പെടുകയില്ല. നബി(സ) തിരുമേനിയ്ക്ക് ജനങ്ങളോടുള്ള അനുകമ്പയുടെ മാതൃകയായിരുന്നു ഇത്. ഇക്കൂട്ടർ പറയുന്നത് ഇസ്‌ലാമിൽ അക്രമവും ബലാൽക്കാരവുമല്ലാതെ മറ്റൊന്നും തന്നെയില്ലെന്നാണ്. യുദ്ധക്കൊതിയനായിട്ടുള്ളവൻ ഇങ്ങനെ സ്വയം, തന്നെ നാശത്തിൽ അകപ്പെടുത്തുമോ? ജനങ്ങളോട് ശത്രുത പുലർത്തുന്നവനും അവരോട് പകരം വീട്ടുന്നവനും, തന്റെമേൽ അക്രമം ചെയ്യുന്നവർക്ക് ഇത്രമാത്രം തുറന്നഹൃദയത്തോടെ മാപ്പ് നല്കുമോ? ബുദ്ധിയ്ക്ക് അന്ധത ബാധിച്ചുകിടക്കുന്ന ഇക്കൂട്ടർക്ക് അല്ലാഹു വെളിച്ചം നല്കുമാറാകട്ടെ. എന്നാൽ, നമ്മുടെ ജോലി നബി(സ) തിരുമേനിയുടെ ജീവിതമാതൃക മുന്നിൽവച്ചുകൊണ്ട് ലോകത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നതാണ്; സൽപ്രകൃതരെ ദുഷ്പ്രകൃതക്കാരിൽനിന്ന് അല്ലാഹു വേർപ്പെടുത്തുന്നതിനുവേണ്ടിയാണിത്. ലോകം മാലിന്യത്തിൽ മുങ്ങിക്കിടക്കുകയാണ്. അതിന്റെ പര്യവസാനം എങ്ങനെയാണെന്നറിയുന്നവൻ അല്ലാഹുവാണ്. എന്നാൽ, നമ്മുടെ യജമാനരായ മുഹമ്മദ്നബി(സ)യുടെ ജീവിതമാതൃക മുന്നിൽവച്ചുകൊണ്ട് ലോകത്തിന്റെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ദുആ ചെയ്യുക എന്നതാണ് നമ്മുടെ ജോലി. അല്ലാഹു സർവ്വലോകത്തിനും കാരുണ്യമാക്കിക്കൊണ്ട് അയച്ച നബി(സ)യെ വിശ്വസിച്ചവരാണ് നാമെന്ന കാര്യം എപ്പോഴും ഓർക്കണം. അല്ലാഹു പറയുന്നു:

***വമാ അർസൽനാക്ക ഇല്ലാ റഹ്‌മത്തൻല്ലിൽ ആലമീൻ.*** നാം നിന്നെ സകല ലോകത്തിനും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എല്ലാ ഉൽക്കൃഷ്ടസ്വഭാവങ്ങളും നബി(സ) സമർപ്പിക്കുമ്പോഴാണ് ഈ വചനം ആ മഹാത്മാവിൽ അന്വർത്ഥമാകുന്നത്. അങ്ങനെതന്നെയാണ് സംഭവിച്ചതും. ആ മഹാത്മാവ് ഉൽക്കൃഷ്ടമായ സ്വഭാവങ്ങളും, ക്ഷമയും, മൃദുനയവും അടിയുംകൊണ്ട് പരിഷ്കരണപ്രക്രിയ പൂർത്തിയാക്കി. ജനങ്ങളെ അല്ലാഹുവിലേക്ക് വിളിച്ചു. ധനം കൊടുക്കുന്നതിലും സൗമ്യതയോടെ പെരുമാറുന്നതിലും ബുദ്ധിപരമായ തെളിവുകളും അമാനുഷികപ്രവൃത്തികളും സമർപ്പിക്കുന്നതിലും ആ മഹാത്മാവ് ഒരു വ്യത്യാസം കാണിച്ചില്ല. നന്നാക്കിത്തീർക്കുന്നതിനുള്ള ഒരു മാർഗ്ഗം അടിയുമാണ്; ഉമ്മ കുട്ടിയെ അടിക്കുമെന്ന് പറഞ്ഞ് ഭയപ്പെടുത്താറുണ്ട്. അതും നബി(സ) പ്രയോഗിച്ചു. അടിയും അല്ലാഹുവിന്റെ ഒരു കാരുണ്യമാണ്. മറ്റു രീതിയിൽ മനുഷ്യൻ കാര്യം മന

സ്സിലാക്കാതിരിക്കുമ്പോൾ അല്ലാഹു ഈ രീതിയിൽ അത് മനസ്സിലാക്കിക്കൊടുക്കുന്നു; അവർ മോക്ഷം പ്രാപിക്കുന്നതിനാണിത്. ആ മഹാത്മാവ് കാരുണ്യത്തിന്റെ ശരീരധാരിയായിരുന്നു. ആ പുണ്യാത്മാവിന്റെ ഓരോ ഉപദേശവും നിർദ്ദേശവും അല്ലാഹുവിന്റെ കാരുണ്യത്തിൽ ഭാഗഭാക്കാകുന്നതിനുവേണ്ടിയായിരുന്നു. എല്ലാ പ്രവർത്തിയും കർമ്മവും കാരുണ്യത്തിലധിഷ്ഠിതമായ ഒരു വ്യക്തിയെക്കുറിച്ച്, അക്രമിയും ബലാൽക്കാരം ചെയ്യുന്നവനുമാണെന്ന് പ്രചരിപ്പിക്കുന്നത് എത്ര വലിയ കുറ്റമാണ്. ഇപ്പോൾ ഞാൻ ചില ഹദീഥുകൾ പറയുകയാണ്. ഇതിലൂടെ ആ മഹാത്മാവിന്റെ സഹതാപത്തിന്റെയും മൃദുനയത്തിന്റെയും സഹനത്തിന്റെയും ആവേശം പ്രകടമാകുന്നതാണ്.

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബികരീം(സ) പറഞ്ഞു: നിങ്ങൾ എളുപ്പം ഉണ്ടാക്കുക. ഞെരുക്കം ഉണ്ടാക്കാതിരിക്കുക. നിങ്ങൾ സുവിശേഷമറിയിക്കുന്നവരായിത്തീരുക. വെറുപ്പുണ്ടാക്കുന്നവരാകരുത്. നബി(സ) ഉപദേശിക്കുമ്പോൾ അത് ഏറ്റവും കൂടുതൽ നടപ്പിൽവരുത്തുന്നതും ആ മഹാത്മാവ് തന്നെയായിരുന്നു.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബികരീം(സ) പറഞ്ഞു: ഒരു വ്യാപാരി, ആളുകൾക്ക് കടം കൊടുക്കാറുണ്ടായിരുന്നു. ബുദ്ധിമുട്ടനുഭവിക്കുന്ന ആരെയെങ്കിലും കണ്ടാൽ, അയാൾ പറയും അവന്റെ കടം മാപ്പാക്കുക. എന്നാൽ, അല്ലാഹു നമുക്ക് മാപ്പാക്കിത്തരും. കടം തിരിച്ചുവാങ്ങാൻ അയാൾ കൂടുതൽ സമ്മർദ്ദം ചെലുത്തിയിരുന്നില്ല. ഇതിന്റെ ഫലമായി അല്ലാഹു അദ്ദേഹത്തിന് മാപ്പുകൊടുത്തു. അല്ലാഹുവിന്റെ സിഫത്തുകൾ സ്വായത്തമാക്കുകയോ സ്വായത്തമാക്കാൻ ശ്രമിക്കുകയോ ചെയ്തവരായിരുന്നു ഇവർ. അല്ലാഹുവും അത്തരക്കാരോട് പിന്നീട് പ്രത്യേകമായ നിലയിൽ പെരുമാറുന്നു. ഹദ്റത്ത് ഹുദയ്ഫ(റ) നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെയടുത്ത് അല്ലാഹു പണം നല്കിയനുഗ്രിച്ച ആൾ കൊണ്ടുവരപ്പെടും. നീ ലോകത്ത് എന്താണ് ചെയ്തതെന്ന് അല്ലാഹു അവനോട് ചോദിക്കും. അവൻ പറയും, അല്ലാഹുവേ നീ എനിക്ക് സമ്പത്ത് നല്കി. ഞാൻ ജനങ്ങളിൽനിന്ന് സാധനം വാങ്ങുകയും അവർക്ക് വില്ക്കുകയും കൊടുക്കൽ വാങ്ങൽ നടത്തുകയും ചെയ്തിരുന്നു. മാപ്പുകൊടുക്കുക, മൃദുവായ നിലയിൽ പെരുമാറുക എന്നത് എന്റെ ശീലമായിരുന്നു. ഞാൻ ഐശ്വര്യവാന്മാർക്കും കഴിവുള്ളവർക്കും എളുപ്പമുണ്ടാക്കുകയും ഞെരുക്കമനുഭവിക്കുന്നവർക്ക് അവധി നീട്ടിക്കൊടുക്കുകയും ചെയ്യുമായിരുന്നു. അപ്പോൾ അല്ലാഹു പറയും. എന്റെ ദാസനോട് വിട്ടുവീഴ്ചയോടെ പെരുമാറുക എന്നത്, എനിക്ക് കൂടുതൽ കടപ്പെട്ട കാര്യമാണ്. ഞാനെന്റെ ദാസന് മാപ്പ് കൊടുക്കുന്നു. ഇക്കൂട്ടർ അല്ലാഹുവിന്റെ കാരുണ്യം കരസ്ഥമാക്കാൻ ശ്രമിക്കുന്നവരായിരുന്നു. അതുകൊണ്ട് ജനങ്ങളോട് സൗമ്യതയോടെ പെരുമാറി.

ഹദ്റത്ത് ആയശ(റ) നിവേദനം ചെയ്യുന്നു. നബികരീം(സ) പറഞ്ഞു: മൃദുവായ പെരുമാറ്റം ഏതൊരു പ്രവൃത്തിയിലുണ്ടെങ്കിലും, അത് അതിനെ സൗന്ദര്യമുള്ളതാക്കിത്തീർക്കുന്നു. ഏതൊരു കാര്യത്തിൽനിന്ന് മൃദുത്വം മാറ്റുന്നുവോ, അത് അതിനെ മോശമാക്കിത്തീർക്കുന്നു.

ആദ്യത്തെ ഹദീഥിൽ, ജനങ്ങളോട് മൃദുവായ നിലയിൽ പെരുമാറിയതുകൊണ്ട് അല്ലാഹുവും തന്റെ ദാസനോട് മൃദുവായി പെരുമാറിയത് നാം കണ്ടു. ഈ പെരുമാറ്റം കാരണം അവന് പൊറുത്തുകൊടുത്തു.

ഹദ്റത്ത് ഇബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: തീ എപ്രകാരം നിഷിദ്ധമാക്കപ്പെടുന്നുവെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ജനങ്ങളുടെ അടുത്തുവരികയും അവർക്കു കാര്യങ്ങൾ എളുപ്പമാക്കിക്കൊടുക്കുകയും ചെയ്യുന്ന ഓരോരുത്തരുടേയുംമേൽ തീ നിഷിദ്ധമാണ്. നബി(സ) പറയുന്നു, അലിവ് കാണിക്കുന്നതിൽ നിന്നും സൗമ്യതയിൽനിന്നും പിൻമാറുന്നവൻ സകലതരത്തിലുള്ള നന്മകളിൽ നിന്നും തടയപ്പെടുന്നു.

ഹദ്റത്ത് ആയിശ(റ) പറയുന്നു: നബികരീം(സ) പറഞ്ഞു: ആയിശാ! അല്ലാഹു റഫീഖാണ്. അവൻ അലിവിനെ ഇഷ്ടപ്പെടുന്നു. അക്രമം ചെയ്യുമ്പോൾ കൊടുക്കാത്തത് അവൻ അലിവ് കാണിക്കുന്നതിന് പകരമായി നല്കുന്നു. മറ്റൊരു കാര്യത്തിനും കൊടുക്കാത്ത അനുഗ്രഹം അവൻ തന്റെ ദാസന്റെ അലിവിന് പകരമായി കൊടുക്കുന്നു. നബി(സ) എപ്പോഴും അല്ലാഹുവിന്റെ സ്നേഹത്തിനും പ്രേമത്തിനും വേണ്ടി വിശന്നുവലഞ്ഞയാളായിരുന്നു. അങ്ങനെയുള്ള നബി(സ) സ്വയം പ്രയത്നിക്കാതെ തന്റെ അനുയായികളെ ഉപദേശിക്കുമെന്ന് കരുതാൻ പറ്റുമോ?

ഹദ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. ആരിലാണോ മൂന്ന് കാര്യമുള്ളത് അല്ലാഹു അവനെ തന്റെ സംരക്ഷണയിലും കാവലിലും വയ്ക്കുന്നതാണ്. അവനെ തന്റെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. ഒന്നാമത്തേത്, ബലഹീനരായവരോട് സൗമ്യതയോടെ പെരുമാറുക. രണ്ടാമത്തേത് മാതാപിതാക്കളോട് അനുകമ്പയോടെ പെരുമാറുക. മൂന്നാമത്തേത്, പരിചാരകരോടും തൊഴിലാളികളോടും നല്ലനിലയിൽ പെരുമാറുക.

ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി(സ) പറഞ്ഞു: ആയിശാ! സൗമ്യത സ്വായത്തമാക്കുക. കാരണം അല്ലാഹു ആർക്കെങ്കിലും നന്മ ചെയ്യാൻ ആഗ്രഹിക്കുമ്പോൾ, അവരെ സൗമ്യതയുടെ കവാടത്തിലേക്ക് നയിക്കുന്നു.

ഹദ്റത്ത് മുആവിയ ബിൻ അൽഹക്കം സുലമി(റ) നിവേദനം ചെയ്യുന്നു. ഞാൻ നമസ്കാരത്തിൽ നബി(സ)

യോടൊപ്പം നില്ക്കുകയായിരുന്നു. ആ അവസരത്തിൽ ഒരാൾ തുമ്മി. ഞാൻ ഉറക്കെ ***യർഹമുക്കല്ലാഹ്*** എന്നു പറഞ്ഞു. അപ്പോൾ ആളുകൾ എന്നെ സൂക്ഷിച്ചുനോക്കാൻ തുടങ്ങി. അത് എനിക്ക് വളരെ മോശമായി തോന്നി. എന്തിനാണ് എന്നെ സൂക്ഷിച്ചുനോക്കുന്നതെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അയാൾ നമസ്കരിക്കെത്തന്നെ ഓരോന്നും പറയാൻ തുടങ്ങി. അതുകേട്ട് ആളുകൾ തങ്ങളുടെ തുടയിൽ അടിക്കാൻ തുടങ്ങി. എന്നെ നിശ്ശബ്ദനാക്കാനാണ് അവർ ശ്രമിക്കുന്നതെന്ന് കണ്ടപ്പോൾ ഞാൻ നിശ്ശബ്ദനായി. നമസ്കാരം കഴിഞ്ഞപ്പോൾ നബി (സ)യോട് ഞാൻ പറഞ്ഞു. എന്റെ ഉമ്മയും ബാപ്പയും അങ്ങയ്ക്ക് തെണ്ടമാണ്. ഇത്രനല്ല ഉസ്താദിനെ ഞാൻ ഇതിന് മുമ്പോ പിമ്പോ കണ്ടിട്ടില്ല. അല്ലാഹുവാണ അങ്ങ് നെറ്റിച്ചുളിച്ചുനോക്കിയിട്ടില്ല. കോപിച്ചതുമില്ല. വഴക്ക് പറഞ്ഞുമില്ല. നമസ്കാരത്തിൽ ആരോടും ഒന്നും പറയരുതെന്നേ അങ്ങ് പറഞ്ഞുള്ളു. നമസ്കാരം, സ്തോത്രം ചെയ്യാനും അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിക്കാനും ഖുർആൻ പാരായണം ചെയ്യാനും അല്ലാഹുവിനെ സ്മരിക്കാനും വേണ്ടി മാത്രമാണ്. ഇതായിരുന്നു നബി(സ)ന്റെ പഠിപ്പിക്കുന്ന രീതി. അന്യരോടും ശത്രുക്കളോടും എങ്ങനെയാണ് ആ മഹാത്മാവ് പെരുമാറിയിരുന്നത്.

ബദ്ർ യുദ്ധാവസരത്തിൽ ഇസ്ലാമിക സൈന്യം തമ്പടിച്ചിരുന്ന സ്ഥലം, അത്രനല്ലതായിരുന്നു. അപ്പോൾ ഖബ്ബാബ് ബിൻ മുൻദിർ, നബി(സ)യോട് ചോദിച്ചു. ദൈവേഷ്ടപ്രകാരമാണോ അങ്ങ് ഈ സ്ഥലം ഇഷ്ടപ്പെട്ടത്. അതല്ല, യുദ്ധതന്ത്രമനുസരിച്ചാണോ? നബി(സ) പറഞ്ഞു, ഇത് യുദ്ധതന്ത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. അദ്ദേഹം പറഞ്ഞു, എന്നാൽ ഇത് നമുക്ക് അനുയോജ്യമായ സ്ഥലമല്ല. അങ്ങ് ജനങ്ങളേയുംകൂട്ടി വെള്ളം ഉറവ് പൊട്ടുന്ന സ്ഥലത്തേക്കുപോയി അത് കൈവശമാക്കുക. അവിടെ നമ്മുടെ നീർത്തൊട്ടി ഉണ്ടാക്കുകയും, ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യാം. നബി(സ) പറഞ്ഞു, താങ്കൾ പറഞ്ഞത് വളരെ നല്ല അഭിപ്രായമാണ്. അങ്ങനെ നബി(സ) അവിടെ പോകുകയും അവിടെ തമ്പടിക്കുകയും ചെയ്തു. കുറച്ച് നേരത്തിനുശേഷം ഖുറയ്ശികൾ വെള്ളം കുടിക്കാൻ അവിടെയെത്തി. നബി(സ) അനുയായികളോട് പറഞ്ഞു, അവർക്ക് കുടിക്കാൻ വെള്ളം കൊടുക്കുക. കാരണം സഹാബാക്കൾ കരുതിയത് നബി(സ) അവരെ വെള്ളം കുടിക്കുന്നതിൽനിന്ന് തടയുമെന്നായിരുന്നു. നബി(സ) പറഞ്ഞു, അത് പാടില്ല. അവർ വെള്ളം പാനം ചെയ്യട്ടെ.

ഇതാണ് നബി(സ)യുടെ ശത്രുക്കളോടുള്ള പെരുമാറ്റം. ഇനി ശത്രുക്കൾ അതിന്റെമേൽ നിയന്ത്രണം പിടിച്ചുപറ്റിയിരുന്നുവെങ്കിൽ നബിയേയും അനുയായികളേയും തീർച്ചയായും അതിൽനിന്ന് തടയുമായിരുന്നു. നബി(സ) തന്നോടും തന്റെ അനുയായികളോടും ശത്രുക്കളോടുമുള്ള സഹതാപം കൊണ്ടാണ് അങ്ങനെ ചെയ്തത്. തങ്ങളെ വലിയ സിവിലയ്സ് എന്നു പറഞ്ഞ് ലോകർ വലിയ വീമ്പിളക്കുന്ന ഇക്കാലത്ത് ഇത്തരം ഉദാഹരണം എവിടെയെങ്കിലും കിട്ടുമോ.

ഉന്നതമായ സ്വാഭവങ്ങളുടെയും, സൗമ്യതയുടെയും സഹതാപത്തിന്റെയും ഉദാഹരണങ്ങളാണിത്. നബി(സ) തന്റെ അനുയായികൾക്ക് ഇത് ഉപദേശിച്ചു. അതിന്റെ ഉന്നതമായ മാതൃക നബി(സ) സ്വയം സ്ഥാപിക്കുകയും ചെയ്തു. അല്ലാഹു ഈ ലോകത്തിനും നീതിയുടെ ദൃഷ്ടികൊണ്ട് ആ മനോഹരമായ മുഖത്തേയും മനോഹരമായ അധ്യാപനത്തേയും നോക്കിക്കാണുവാൻ അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹു നമ്മുടെ കർമ്മത്തേയും നമ്മുടെ പ്രാർത്ഥനകളേയും നമ്മുടെ സ്വലാത്തിനേയും സ്വീകരിച്ചുകൊണ്ട് നമുക്ക് എത്രയുംവേഗം നബി(സ)യുടെ തെളിമയാർന്ന മുഖം ലോകത്തിന്റെ എല്ലാ ഭാഗത്തും എല്ലാ വീടുകളിലും എല്ലാ ഇടവഴികളിലും തിളങ്ങുന്നതായി കാണാൻ തൗഫീഖ് നല്കട്ടെ. ലോകം എത്രയും വേഗം ആ മഹാത്മാവിന്റെ കൊടിക്കീഴിൽ സംഘടിക്കുമാറാകട്ടെ. ആ മഹാത്മാവിനോട് ശത്രുത പുലർത്തുന്ന ഓരോരുത്തരും നിന്ദ്യരും അപമാനിതരുമായി നശിക്കുമാറാകട്ടെ.

ദുഃഖകരമായ ഒരു വാർത്ത ലഭിച്ചിട്ടുണ്ട്. മാർച്ച് 19-ാം തിയ്യതി രാത്രി 8 മണിക്ക് പിശാവറിലെ സങ്കു ഗ്രാമത്തിൽ ഡോക്ടർ മുഹമ്മദ് സർവർ സാഹിബിനെ ശത്രുക്കൾ ശഹീദാക്കി. കാളിംഗ്ബെല്ലടിച്ച് പുറത്തേക്ക് വിളിച്ച് തുരുതുരാ നിറയൊഴിക്കുകയായിരുന്നു. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 74 വയസ്സായിരുന്നു. 1954-ലാണ് ബയ്അത്ത് ചെയ്യാൻ ഭാഗ്യം കിട്ടിയത്. അഹ്മദിയ്യത്തിനുവേണ്ടി ഒരുപാട് ത്യാഗങ്ങൾ ചെയ്യാൻ തൗഫീഖ് കിട്ടി. ധൈര്യവാനും ഉത്സുകനും നല്ലൊരാളുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ പ്രദേശങ്ങളിൽ പ്രസിദ്ധനുമായിരുന്നു. കുടുംബത്തിൽ തനിച്ച് അഹ്മദിയായിരുന്നു. ഇതിനു മുമ്പേയും അദ്ദേഹത്തിനുമേൽ വധശ്രമം നടന്നിട്ടുണ്ട്. എപ്പോഴും സുരക്ഷിതനായിരുന്നു. ആക്രമണം ഉണ്ടായപ്പോൾ ഗ്രാമത്തിൽനിന്ന് പോയ്ക്കൊള്ളാൻ ആളുകൾ അദ്ദേഹത്തോട് സ്നേഹത്തോടെ പറഞ്ഞു. പക്ഷേ, അദ്ദേഹം അതിന് തയ്യാറായില്ല. ആറ് പെൺമക്കളും മൂന്ന് ആൺമക്കളും ഉണ്ട്. അല്ലാഹു സബ്ർ നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ കർമ്മങ്ങൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഈ ത്യാഗങ്ങൾ സ്വീകരിച്ചുകൊണ്ട് ഉന്നതമായ ഇല്ലിയ്യീനിൽ അല്ലാഹു ഇടം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad Khalifathul Masih V
on 28.3.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala